# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 07-10-2016- ൽ

നം: 2484 മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും നിർദ്ധനരായ ആളുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (എ) | ന്യൂനപക്ഷക്ഷേമ വകുപ്പിൽ നിന്നും നിർദ്ധനരായ ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട അംഗങ്ങൾക്ക് താഴെപറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>1. സി. എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതി.<br>2. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് വേണ്ടിയുള്ള സി.എ/ഐ.സി.ഡബ്ല്യു.എ/സി.എസ് സ്കോളർഷിപ്പ്.<br>3. നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾക്കും വിധവകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതി<br>4. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്കു വേണ്ടിയുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം<br>5. ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ-കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി<br>7. കേന്ദ്ര സർക്കാരിന്റെ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) പ്രകാരമുള്ള ആനുകൂല്യങ്ങൾ.<br>8. സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം നടത്തുന്ന ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീ- ഇംബേഴ്സ്മെന്റ് പദ്ധതി.<br>9. ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അവാർഡ്. |

സെക്ഷൻ ഓഫീസർ